LIBRARY ARCHIVES Kerala Legislative Assembly

മൃഗാശുപത്രി കെട്ടിടം നിർമ്മാണം

348(1333) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിലെ കോട്ടുകാൽ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സ്ഥലത്ത് മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കോവളം മണ്ഡലത്തിലെ കോട്ടുകാൽ പഞ്ചായത്തിൽ മൃഗാശുപത്രി കെട്ടിടം ഉള്ളതിനാൽ പഞ്ചായത്തിൽ കരിയറ എന്ന സ്ഥലത്ത് ഒരു വെറ്ററിനറി സബ്സെന്റർ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയിലെ നിയമനങ്ങൾ

349(1334) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; തസ്തിക തിരിച്ച് വിശദമാക്കാമോ?

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിൽ ജി.ഒ. (എം.എസ്.) നമ്പർ 296/99/എ.ഡി, 15-10-99 പ്രകാരമാണ് തസ്തികകൾ നിശ്ചയിച്ച് നിയമനത്തിനുള്ള റൂൾ ഉണ്ടാക്കിയത്. കമ്പനിക്ക് ഇപ്പോൾ നിലവിലുള്ള 80 തസ്തികകൾ അംഗീകരിച്ചത് ജി.ഒ (എം.എസ്) നമ്പർ136/15/ എ.ഡി. 17-8-2015 പ്രകാരമാണ്. ഈ തസ്തികകളിലെ നിയമനങ്ങൾ, നിയമനരീതി, ഇപ്പോഴുള്ള വേക്കൻസി എന്നിവ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരെ നിയമിച്ചത് പി.എസ്.സി./ എംപ്ലോയ്മെന്റ്/കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ പ്രകാരമായിരുന്നോ; വിശദമാക്കാമോ?

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിലെ ജീവനക്കാരെ നിയമിക്കുന്നത് പി.എസ്.സി./എംപ്ലോയ്മെന്റ്/കരാർ/ഡെപ്യൂട്ടേഷൻവ്യവസ്ഥകൾ പ്രകാരമാണ്. സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി.-ക്ക് വിട്ട തസ്തികകളിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി.-ക്ക് റിക്വസിഷൻ നൽകിയിട്ടുണ്ട്. നാളിതുവരെ നിയമനത്തിനുള്ള ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തിട്ടില്ല. ഇതിലുപരി കശാപ്പും അനുബന്ധ ജോലികളും ചെയ്യാൻ പുതിയ പ്ലാന്റിലേയ്ക്ക് Employment Exchange-ൽനിന്നും പത്രപ്പരസ്യം വഴിയും ലഭിച്ച അപേക്ഷകരിൽനിന്നും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്